**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3495** **12-03-2025 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ പ്രകൃതി ക്ഷോഭങ്ങളിൽ കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിള ഇൻഷ്വറൻസ് ഉൾപ്പടെ ആകെ എത്ര രൂപ നഷ്ടപരിഹരമായി അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച 1259 കർഷകർക്ക് പ്രകൃതിക്ഷോഭ കൃഷിനാശ ധനസഹായവും 703 കർഷകർക്ക് വിള ഇൻഷ്വറൻസ് ധനസഹായവും നൽകി.<br>**പ്രകൃതിക്ഷോഭം, വിള ഇൻഷ്വറൻസ് ഉൾപ്പെടെ നഷ്ടപരിഹാരം അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | മണ്ഡലത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | **മണ്ഡലത്തിൽ** പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായ പദ്ധതി പ്രകാരം 5,12,227/- രൂപയും, വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 20,50,594/- രൂപയും നൽകാൻ ബാക്കിയുണ്ട്. തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | സാമ്പത്തിക വർഷം | വിള ഇൻഷുറൻസ് നഷ്ടപരിഹാരമായി അനുവദിച്ച തുക | പ്രകൃതിക്ഷോഭ നഷ്ടപരിഹാരമായി അനുവദിച്ച തുക |
|---|---|---|---|
| 1 | 2021-22 | 17,19,030 | 6,51,374 |
| 2 | 2022-23 | 70,88,662 | 9,06,200 |
| 3 | 2023-24 | 30,720 | 34,52,874 |
| 4 | 2024-25 | 54,53,450 | 14,369 |
| **ആകെ** | | **1,42,91,862** | **50,24,817** |

**സെക്ഷൻ ഓഫീസർ**